പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3962 | 21/06/2018 ൽ മറുപടിക്ക്

മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ വേതനാനുകൂല്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. രാജഗോപാലൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ തടസ്സപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മാനേജീരിയൽ ഫണ്ടുമായി ബന്ധപ്പെട്ട് ശമ്പളം തടസ്സപ്പെട്ടത് പരിഹരിക്കാനും ക്ഷേത്ര ജീവനക്കാരുടെ വേതനാനുകൂല്യങ്ങൾ സമയബന്ധിതമായി ലഭിക്കാനും നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ബി) | മലബാർ ദേവസ്വം ബോർഡ് മാനേജ്മെന്റ് ഫണ്ടിൽ നിന്നും ശമ്പള കുടിശ്ശിക കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിലേയ്ക്കായി കൃത്യമായ ക്ഷേത്ര ക്കണക്കുകൾ യഥാസമയം തയ്യാറാക്കി സമർപ്പിക്കുന്ന തിന് ട്രസ്റ്റിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ